**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** **19-09-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ വിദ്യാഭ്യാസ നിലവാര സർവ്വേ 2021**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2021-ലെ ദേശീയ വിദ്യാഭ്യാസ നിലവാര സർവേയിൽ സംസ്ഥാനം നേടിയ മുന്നേറ്റത്തെക്കുറിച്ച് വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ മൂന്നുവർഷത്തിലൊരിക്കൽ എൻ സി ഇ ആർ ടി യുടെ നേതൃത്വത്തിൽ നടത്തുന്ന പഠനമാണ് ദേശീയ പഠനനേട്ട സർവെ. 2021 വരെ ഈ പേരിലാണ് സർവെ നടന്നത്. എന്നാൽ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പശ്ചാത്തലത്തിൽ 2024 നടന്ന പഠനത്തെ പരഖ് രാഷ്ട്രീയ സർവേക്ഷൺ എന്ന പേരിലാണ് അറിയപ്പെടുന്നത്. ദേശീയതലത്തിൽ പൊതുവായി കൈക്കൊണ്ട മാനദണ്ഡ പ്രകാരമാണ് കേരളത്തിലും പഠന സർവെ നടത്തിയത്. അതുപ്രകാരം 2021 ൽ 3,5,8 ക്ലാസുകളിലും 2024 ൽ 3, 6,9 ക്ലാസുകളിലും ആണ് സർവെ നടത്തിയത്. 2024 ലെ സർവ്വേ ഫലം വിശകലനം ചെയ്താൽ വലിയ മുന്നേറ്റമാണ് സംസ്ഥാനത്തിന്റേത്. മൂന്നാം ക്ലാസിലെ ഭാഷാപഠനത്തിൽ സംസ്ഥാന ശരാശരി 75 ആണ്. എന്നാൽ ദേശീയതലത്തിൽ അത് 64 ആണ്. ഗണിതത്തിൽ സംസ്ഥാന ശരാശരി 70 ഉം ദേശീയ ശരാശരി 60 ഉം ആണ്. ആറാം ക്ലാസിൽ ഭാഷയ്ക്ക് സംസ്ഥാന ശരാശരി 76 ആണ്. ദേശീയ ശരാശരി 57 ആണ്. ഗണിതത്തിൽ സംസ്ഥാന ശരാശരി 60 എങ്കിൽ ദേശീയ ശരാശരി 46 ആണ്. പരിസര പഠനത്തിൽ സംസ്ഥാന ശരാശരി 66 ഉം ദേശീയ ശരാശരി 49 ഉം ആണ്. ഒമ്പതാം ക്ലാസിൽ ഭാഷാപഠനത്തിൽ സംസ്ഥാന ശരാശരി 74 ഉം ദേശീയ ശരാശരി 54 ഉം ആണ്. ഗണിതത്തിൽ സംസ്ഥാന ശരാശരി 45 ഉം ദേശീയ ശരാശരി 37 ഉം ആണ്. സയൻസിൽ സംസ്ഥാന ശരാശരി 53 എങ്കിൽ ദേശീയ ശരാശരി 40 ആണ്. സോഷ്യൽ സയൻസിൽ സംസ്ഥാന ശരാശരി 51 ഉം ദേശീയ ശരാശരി 40 ഉം ആണ്. പൊതുവേ നോക്കുകയാണെങ്കിൽ 2021 അപേക്ഷിച്ച് പഠനം |

നടത്തിയ എല്ലാ ക്ലാസുകളിലും അനുകൂലമായ ഫലമാണ് സംസ്ഥാനം കാഴ്ച വച്ചിട്ടുള്ളത്. പെൺകുട്ടികളുടെ വിദ്യാഭ്യാസമികവ് പ്രകടമായും ഉയർന്ന നിലയിലാണ് കേരളത്തിന്റേത് എന്ന് ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു. ദേശീയതലത്തിൽ മൂന്നാം ക്ലാസിൽ കേരളത്തിലെ ആൺകുട്ടികളും പെൺകുട്ടികളും മികവിന്റെ കാര്യത്തിൽ ഏതാണ്ട് തുല്യത പാലിക്കുന്നു. എന്നാൽ ആറ്, ഒമ്പത് ക്ലാസുകൾ ആവുമ്പോഴേക്കും ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളാണ് എല്ലാ വിഷയങ്ങളിലും മികവു കാട്ടുന്നത്. ദേശിയതലത്തിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പഠനഫലം ഏതാണ്ട് ഒരുപോലെയാണ് എല്ലാ ക്ലാസ്സുകളിലും കാണുന്നത്. മികവിന്റെ കാര്യത്തിൽ 2024 ലെ സർവ്വേ പ്രകാരം മൂന്നാം ക്ലാസിൽ ഭാഷാ പഠനത്തിലും ഗണിത പഠനത്തിലും കേരളം രണ്ടാം സ്ഥാനത്താണുള്ളത്. ആറാം ക്ലാസിൽ ഭാഷയിലും പരിസര പഠനത്തിലും കേരളം ഒന്നാം സ്ഥാനത്തും ഗണിതത്തിൽ രണ്ടാം സ്ഥാനത്തുമാണ് ഉള്ളത്. ഒമ്പതാം ക്ലാസിൽ ഭാഷയിൽ ഒന്നാം സ്ഥാനത്തും ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നിവയിൽ രണ്ടാം സ്ഥാനത്തും ആണ്. 2024 ൽ ഈ സർവെ നടക്കുന്ന അവസരത്തിൽ കേരളത്തിൽ 14 ജില്ലകൾ, ഗുജറാത്തിൽ 33 ജില്ലകൾ, ഒറീസയിൽ 30 ജില്ലകൾ, ഉത്തർപ്രദേശിൽ 75 ജില്ലകൾ എന്നിങ്ങനെയാണ് ഉണ്ടായിരുന്നത്. ദേശീയ പഠനനേട്ട സർവ്വേയുടെ ദേശീയതലത്തിലുള്ള റിപ്പോർട്ട് പരിശോധിച്ചാൽ ഏറ്റവും മികച്ച 50 ജില്ലകളിൽ മൂന്നാം ക്ലാസിൽ മികവ് കാട്ടിയ കേരളത്തിലെ 3 ജില്ലകൾ ഉണ്ട്. ഗുജറാത്തിൽ നിന്നോ ഒറീസയിൽ നിന്നോ ഒരു ജില്ലയും ഈ പട്ടികയിൽ ഇല്ല. ഉത്തർപ്രദേശിലെ 75 ജില്ലകളിൽ ഒരു ജില്ലയാണ് ഈ പട്ടികയിൽ ഇടം പിടിച്ചിട്ടുള്ളത്. ആറാം ക്ലാസിൽ കേരളത്തിൽ നിന്നുള്ള 10 ജില്ലകൾ ആദ്യ അമ്പതിൽ ഉണ്ട്. ഗുജറാത്തിലെ ഒരു ജില്ലയും ഇക്കൂട്ടത്തിൽ ഇല്ല. ഒറീസയിലെ 30 ജില്ലകളിൽ 2 ജില്ലകളും ഉത്തർപ്രദേശിലെ 75 ൽ ഒന്നും ഇക്കൂട്ടത്തിൽ കാണാം. ഒമ്പതാം ക്ലാസ് പട്ടിക പരിശോധിച്ചാൽ കേരളത്തിലെ 9 ജില്ലകൾ ആദ്യത്തെ അമ്പതിൽ പെടും. ഒറീസയിലെ 30 ജില്ലകളിൽ ഒരു ജില്ലയാണ് ഉൾപ്പെട്ടിട്ടുള്ളത്. ഗുജറാത്തിലെയും ഉത്തർപ്രദേശിലെയും ഒറ്റ ജില്ലയും ഇതിൽ ഉൾപ്പെട്ടിട്ടില്ല. അതുപോലെ ഏറ്റവും പിന്നണിയിൽ ഉള്ള 50 ജില്ലകളുടെ പട്ടികയും റിപ്പോർട്ടിലുണ്ട്. അക്കൂട്ടത്തിൽ ദേശീയതലത്തിൽ കേരളത്തിലെ ഒരു ജില്ലയും ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഒറീസയിലെയും ഗുജറാത്തിലെയും

| | | | |
|---|---|---|---|
| | | | ഉത്തർപ്രദേശിലെയും ജില്ലകളെ ഇക്കൂട്ടത്തിൽ കാണാം. ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച 10 സംസ്ഥാനങ്ങളിൽ പഠനം നടന്ന എല്ലാ ക്ലാസ്സുകളുടെ പട്ടികയിലും കേരളം ഉണ്ട്. മൂന്നാം ക്ലാസ് കാര്യത്തിൽ മൂന്നാമതായും ആറിൽ ഒന്നാമതായും ഒൻപതിൽ രണ്ടാമതായുമാണ് കേരളത്തിന്റെ സ്ഥാനം രേഖപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾ ദേശീയ തലത്തിൽ മികവ് നേടുന്നതിന് കാരണമായ അനുകൂല ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾ ദേശീയ തലത്തിൽ മികവ് നേടുന്നതിന് കാരണമായ അനുകൂല ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. നമ്മുടെ സംസ്ഥാനത്ത് സ്കൂൾ പ്രായത്തിലുള്ള ഏതാണ്ട് എല്ലാ കുട്ടികളും സ്കൂളിൽ എത്തിച്ചേരുകയും 12-ാം ക്ലാസ് വരെയുള്ള പഠനത്തുടർച്ച ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.<br><br>.എല്ലാ ക്ലാസുകളിലും സേവന പൂർവ്വ പരിശീലനം ലഭിച്ച എൻ സി ടി ഇ നിഷ്കർഷിച്ച യോഗ്യതയുള്ള അധ്യാപകരുണ്ട്.<br>3. കേരളത്തിൽ അധ്യാപക നിയമനത്തിന് ക്ലാസ് ആണ് യൂണിറ്റ്. എന്നാൽ ദേശീയ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ സ്കൂളാണ് യൂണിറ്റ്.<br>4. പൊതുവെ മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ കേരളത്തിലെ വിദ്യാലയങ്ങൾക്കുണ്ട്.<br>5. മഹാ ഭൂരിപക്ഷം രക്ഷിതാക്കളും സ്കൂൾ വിദ്യാഭ്യാസമെങ്കിലും ലഭിച്ചിട്ടുള്ളവരാണ്.<br>6. സ്കൂൾ കാര്യങ്ങളിൽ രക്ഷിതാക്കളും പൊതുസമൂഹവും തദ്ദേശഭരണ സ്ഥാപനങ്ങളും വലിയ താല്പര്യം പ്രകടിപ്പിക്കുന്നു.<br><br>7. വളരെ സുസംഘടിതമാണ് കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖല. അതുകൊണ്ടുതന്നെ വീട്ടിൽ നിന്ന് അധികം ദൂരെയല്ലാതെ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസത്തിനുള്ള സംവിധാനം സംസ്ഥാനത്തുണ്ട്.<br>8. വിദ്യാഭ്യാസ വകുപ്പിലെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാൻ സംസ്ഥാനതലം മുതൽ ഉപജില്ലാതലം വരെയുള്ള ഉദ്യോഗസ്ഥ സംവിധാനങ്ങൾ ഉണ്ട്.<br>9. അധ്യാപകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകാറുണ്ട്.<br><br>10. കൃത്യമായ ഇടവേളകളിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധതലത്തിലുള്ള ഓഫീസർമാരുടെ യോഗങ്ങൾ നടത്തി പദ്ധതികൾ അവലോകനം ചെയ്യാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | ദേശീയ സർവേയിലെ കണ്ടെത്തലുകൾ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നയരൂപീകരണത്തെ എപ്രകാരമാണ് സ്വാധീനിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | ദേശീയ സർവേയിൽ മുന്നോട്ടുവച്ച നിരീക്ഷണങ്ങൾ കൂടി പരിഗണിച്ചാണ് സമഗ്ര ഗുണമേന്മ പദ്ധതി ആവിഷ്കരിച്ചത്. ഗണിതപഠനത്തിനായി പുതിയ രീതിശാസ്ത്രം വികസിപ്പിക്കുന്നതിനായി മഞ്ചാടി പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രപഠനത്തിനായി മഴവില്ല് പദ്ധതിയുമുണ്ട്. മൂല്യനിർണയ രംഗത്തും സമഗ്രമായ മാറ്റങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. ദേശീയ സർവേയിലെ കണ്ടെത്തലുകൾ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നയരൂപീകരണത്തിന് സഹായിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഗുണനിലവാരം, സ്കൂൾ പ്രവേശന പ്രാപ്യത, അടിസ്ഥാന സൗകര്യവികസനം, സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം, തുല്യത അധ്യാപക പരിശീലനം, മൂല്യ നിർണയം തുടങ്ങിയ കാര്യങ്ങളിൽ മികവാർന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിന് ദേശീയ സർവേയിലെ കണ്ടെത്തലുകൾ സഹായിച്ചിട്ടുണ്ട്. |
| (ഡി) | വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ അതാത് ക്ലാസിൽ വച്ച് തന്നെ നേടുന്നു എന്ന് ഉറപ്പാക്കുകയാണ് പ്രധാനം. ഇതിനായി ഉള്ളടക്കപരമായ മാറ്റങ്ങൾ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി വരുത്തിയിട്ടുണ്ട്. ഇത് കാര്യക്ഷമമായി ക്ലാസ് മുറിയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും അതിനായുള്ള പഠന പദ്ധതിയും ഫലപ്രദമായി നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>ആധുനിക സാങ്കേതിക വിദ്യാസൗകര്യങ്ങൾ ക്ലാസ് മുറി വിനിമയത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ അധ്യാപകരെ സജ്ജമാക്കുക, കേവലം ഓർമ്മ പരിശോധനയ്ക്കപ്പുറം പ്രശ്നപരിഹരണത്തിനുള്ള അറിവും കഴിവും വിശകലനശേഷിയും വിമർശനാത്മക ബോധവും യുക്തിചിന്തയും ഉളവാകും വിധം പഠനപ്രവർത്തനങ്ങൾ പ്രക്രിയാധിഷ്ഠിതമാക്കി മാറ്റുക, ക്ലാസ്മുറി പഠനത്തെ പ്രവർത്തനാധിഷ്ഠിതമാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക, ഗോത്രമേഖലയിലും, തീരദേശങ്ങളിലും അധിവസിക്കുന്ന കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികളുടെ സവിശേഷമായ പഠനപ്രശ്നങ്ങളും അഭിമുഖീകരിക്കുക, അറിവിന്റെയും സാങ്കേതികവിദ്യയുടെയും വികാസത്തിനനുസരിച്ച് അധ്യാപകരെ സജ്ജമാക്കാൻ അധ്യാപക പരിവർത്തന പദ്ധതികൾ ആവിഷ്കരിക്കുക ഗണിതം, ശാസ്ത്രം, സാമൂഹികശാസ്ത്ര പഠനമേഖലകൾ കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കുന്ന അന്വേഷണങ്ങൾ നടത്തുക തുടങ്ങിയവയെല്ലാം പുതുതായി പരിഗണിക്കുന്ന പദ്ധതികളാണ്. നിലവിൽ |

| | | | |
|---|---|---|---|
| | | | സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമാണ് ഇവയെല്ലാം. ഇവയ്ക്ക് തുടർച്ചയും വളർച്ചയും ഉറപ്പുവരുത്തുക എന്നതും പ്രധാനമാണ്. |

സെക്ഷൻ ഓഫീസർ